**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4263** **28-10-2021 - ൽ മറുപടിയ്ക്ക്**

**മൊഗ്രാലിൽ കയർ ഡീഫൈബറിംഗ് യൂണിറ്റ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ എ കെ എം അഷ്‌റഫ്** | | **Shri. P. Rajeeve**<br>**(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | മഞ്ചേശ്വരം താലൂക്കിൽ കുമ്പളയിലെ മൊഗ്രാലിൽ കയർ ഡീഫൈബറിംഗ് യൂണിറ്റ് സ്ഥാപിക്കുന്നതിനുള്ള പദ്ധതിയുടെ നിലവിലെ അവസ്ഥ വ്യക്തമാക്കുമോ; | (എ) | മഞ്ചേശ്വരം താലൂക്കിൽ കുമ്പളയിലെ മൊഗ്രാലിൽ കയർഫെഡിന്റെ ഉടമസ്ഥ തയിൽ ഒരു മിനി ഡീഫൈബറിംഗ് യൂണിറ്റ് സ്ഥാപിക്കുന്നതിന് ആവശ്യമായ പഠനങ്ങൾ കേരള സ്റ്റേറ്റ് മെഷിനറി മാനുഫാക്ചറിംഗ് കമ്പനിയുടെ സഹായത്തോടുകൂടി ആരംഭിച്ചി ട്ടുണ്ട്. പദ്ധതിക്കായി കണ്ടെത്തിയിരിക്കുന്ന ഭൂമി പുഴയോരത്തുള്ള കണ്ടൽ പ്രദേശമാക യാൽ പാരിസ്ഥിതിക പ്രശ്നങ്ങൾ ഉണ്ടാകാൻ സാധ്യതയുള്ളതിനാൽ ഫീസിബിലിറ്റി സ്റ്റഡിക്കുശേഷം മാത്രമേ ഈ സ്ഥലത്ത് പദ്ധതി നടപ്പിലാക്കാൻ കഴിയുകയുള്ളൂ. |
| (ബി) | പദ്ധതിക്കായി ഭൂമി ലഭ്യമായിട്ടുണ്ടോ; വിശദവിവരങ്ങൾ ലഭ്യമാക്കുമോ; | (ബി) | പദ്ധതിക്കായി കയർഫെഡിന്റെ ഉടമസ്ഥ തയിലുള്ള ഭൂമി പര്യാപ്തമാണോ എന്ന് പരിശോധിച്ച് വരുന്നു. |
| (സി) | പദ്ധതിയുടെ വിശദാംശങ്ങളും പദ്ധതി യാഥാർത്ഥ്യമാകുന്നതോടെ ലഭ്യമാകുന്ന നേട്ടങ്ങളും വിശദമാക്കുമോ; | (സി) | 8000 തൊണ്ട് ഒരു ഷിഫ്റ്റിൽ ചകിരിയാക്കാൻ സാധിക്കുന്ന മെഷിനറി സ്ഥാപിക്കുന്ന തിനുള്ള പഠനങ്ങളാണ് ആരംഭിച്ചിട്ടുള്ളത്. സംസ്ഥാനത്തെ ചകിരി ഉൽപ്പാദനം വർദ്ധിപ്പിക്കുക എന്നതാണ് പ്രാഥമിക ലക്ഷ്യം. |
| (ഡി) | പദ്ധതി എന്നത്തേയ്ക്ക് പൂർത്തിയാകുമെന്ന് വ്യക്തമാക്കുമോ? | (ഡി) | 8000 തൊണ്ട് ഒരു ഷിഫ്റ്റിൽ ചകിരിയാക്കാൻ സാധിക്കുന്ന മെഷിനറി സ്ഥാപിക്കുന്ന തിനുള്ള പഠനങ്ങളാണ് ആരംഭിച്ചിട്ടുള്ളത്. സംസ്ഥാനത്തെ ചകിരി ഉൽപ്പാദനം വർദ്ധിപ്പിക്കുക എന്നതാണ് പ്രാഥമിക ലക്ഷ്യം. |

സെക്ഷൻ ഓഫീസർ